## പഠനഷീറ്റ് 8

# നിങ്ങളുടെ നിത്യവിധി എന്തായിരിക്കും?

**I. എന്താണ് പാപം?**

________________________________ റോമ. 14:23

________________________________ 1 യോഹന്നാൻ 3:4

________________________________ 1 യോഹന്നാൻ 5:17

________________________________ യാക്കൊബ് 4:17

**II. നിങ്ങൾ ഒരു പാപി ആണോ?**

1. ____________ പാപം ചെയ്തു. റോമ. 3:23
2. നീതിമാൻ ____________ ഒരുത്തൻ പോലുമില്ല. റോമ. 3:10
3. നമുക്ക് പാപം ഇല്ല എന്നു പറയുന്നുവെങ്കിൽ, നാം ____________ ____________ നമ്മിൽ ഇല്ല. 1 യോഹന്നാൻ 1:8

**III. പാപിയുടെയും രക്ഷിക്കപ്പെട്ടവരുടെയും അന്തിമസ്ഥാനം എന്തായിരിക്കും?**

| പാപി | രക്ഷിക്കപ്പെട്ടവർ |
|---|---|
| ____________ മത്താ. 25:41 | ____________ മത്താ. 25:46 |
| ____________ വെളി. 14:11 | ____________ വെളി. 14:13 |
| ____________ മത്താ. 25:30 | ____________ വെളി. 21:4 |
| ____________ റോമ. 2:9 | ____________ മത്താ. 25:23 |
| ____________ യോഹന്നാൻ 8:21 | ____________ യോഹന്നാൻ 14:3 |

മത്താ. 10:28

1 പത്രൊ. 1:3, 4

**IV. നിങ്ങളുടെ അന്തിമ സ്ഥാനം നിർണ്ണയിക്കുന്നതു നിങ്ങൾ എന്തു ചെയ്താൽ, ചെയ്യാതിരുന്നാലാണ്?**

റോമ. 2:8

മത്താ. 7:21

2 തെസ്സ. 1:8

എബ്രാ. 5:9




പകർപ്പവകാശം 1992 – ഗോസ്പെൽ ലൈറ്റ് പബ്ളിഷിങ് കമ്പനി.,ഡിലൈറ്റ്, ഏആർ 71940.

**പഠനഷീറ്റ് അവതരണം:**

**8**

# “നിങ്ങളുടെ നിത്യവിധി എന്തായിരിക്കും?”

“നിങ്ങളുടെ നിത്യവിധി എന്തായിരിക്കും?” എന്ന ഈ പഠനഷീറ്റ്, മറ്റെല്ലാ പഠനഷീറ്റിനും ശേഷം ഉപയോഗിക്കുന്നതായിരിക്കും ഉചിതം. ഒരുപക്ഷെ “രക്ഷാ” ഷീറ്റ് (പാഠം 4) അവതരിപ്പിക്കുന്നതുവരെ ഇതു ഉപയോഗിക്കാതിരിക്കുന്നതായിരിക്കും നല്ലത്. വിദ്യാർത്ഥി സുവിശേഷം അനുസരിക്കുവാൻ ശ്രമിക്കുമ്പോൾ അദ്ധ്യാപകനു ഈ പഠനഷീറ്റ് ഉപയോഗിക്കാം.

**ഉദ്ദേശം**

“വിധി” ഷീറ്റിന്റെ ഉദ്ദേശം അനുസരണത്തിന്റെയും അനുസരണക്കേടിന്റെയും അനന്തരഫലം എടുത്തുകാട്ടി, പഠിക്കുന്ന ആൾ യേശുവിനോടു പ്രതികരിക്കുന്നതു അയാളുടെ നിത്യവിധിയെ എങ്ങനെ ബാധിക്കും എന്നു വ്യക്തമാക്കിക്കൊടുക്കുവാൻ സഹായിക്കുകയും ചെയ്യും.

**പാഠം ചുരുക്കത്തിൽ**

എല്ലാവരും പാപം ചെയ്യുന്നു എന്നും, എന്താണ് പാപം എന്നും ഈ പാഠം വ്യക്തമാക്കുന്നു. പാപം ക്ഷമിക്കപ്പെടാത്ത പാപിയുടെ നിത്യവിധി ക്ഷമിക്കപ്പെട്ട, രക്ഷിക്കപ്പെട്ട, പാപിയുടേതിൽ നിന്നു വ്യത്യസ്തമാണ്. നമുക്ക് ശിക്ഷയാണോ അതോ പ്രതിഫലമാണോ ലഭിക്കുക എന്നതു നാം സുവിശേഷം അനുസരിച്ചോ, ഇല്ലയോ എന്നതിനെ ആസ്പദമാക്കിയാണ്.

**മുഖവുര**

കഴിഞ്ഞ പാഠത്തിൽ നാം പാപത്തിന്റെയും മരണത്തിന്റെയും ഉറവിടത്തെക്കുറിച്ചും, പാപത്തിൽ നിന്നും മനുഷ്യരെ രക്ഷിക്കുന്ന ദൈവ പദ്ധതിയെക്കുറിച്ചും, യേശു രക്ഷാ വഴി ആണെന്നും പഠിച്ചു. യേശുവിനെ അനുസരിച്ചില്ലെങ്കിൽ നമ്മുടെ വിധി എന്തായിരിക്കും? [പ്രവൃത്തികൾ 3:23 വായിക്കുക.] യേശുവിന്റെ ഇഷ്ടം സ്വീകരിക്കുന്നതു നമ്മുടെ ജീവിതത്തിൽ പ്രധാനപ്പെട്ടതാണ്. അതിനെ ആസ്പദമാക്കിയാണ് നമ്മുടെ നിത്യവിധി. നമ്മുടെ വിധിയെ ബാധിക്കുന്നതു പാപമാണ്. നാം

ഒരിക്കലും പാപം ചെയ്യുന്നില്ലെങ്കിൽ, ഒരിക്കലും ശിക്ഷയെ കുറിച്ചു വിചാരപ്പെടേണ്ട.

### I. എന്താണ് പാപം?

എപ്പോഴൊക്കെ പാപം ചെയ്യുന്നുണ്ട് എന്നു നമ്മിൽ പലർക്കും അറിയില്ല കാരണം പാപം എന്തെന്നു നാം മനസ്സിലാക്കുന്നില്ല. *ഹാമർറ്റിയ* എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് പുതിയ നിയമത്തിൽ "പാപം" എന്ന വാക്ക് വരുന്നത്, അർത്ഥം "ഉന്നം തെറ്റുക, നിർവ്വഹണ പരാജയം." മനുഷ്യചരിത്രത്തിൽ പാപം മുഖ്യമായി കാണപ്പെടുന്നതുകൊണ്ടു ബൈബിളിൽ പാപം എന്ന വാക്ക് പല പ്രാവശ്യവും കാണുന്നുണ്ട്.

നാം ജീവിക്കേണ്ടതിനു, ദൈവത്തിന്റെ സ്വഭാവം തന്നെ, ഒരു നിലവാരമായി നമുക്കു നല്കിയിട്ടുണ്ട് (1 പത്രൊ. 1:14-16). ദൈവം തന്റെ സാദൃശത്തിലാണ് നമ്മെ സൃഷ്ടിച്ചത് (ഉല്പ. 1:26, 27). നാം പാപം ചെയ്യുമ്പോൾ, ദൈവം നമുക്കു ജീവിക്കുവാൻ നല്കിയ പ്രകൃതിയെ ലംഘിക്കുന്നു. ദൈവരൂപം നമ്മിൽ നിറവേറ്റുന്നതിൽ നാം പരാജയപ്പെടുന്നു. നാം പാപം ചെയ്യുമ്പോൾ, ദൈവം നമുക്കു തന്ന രൂപത്തെ നാം മ്ലേഛമാക്കുന്നു.

പാപം എന്താണ് എന്നതിനെ കുറിച്ചു ബൈബിൾ നാലു പ്രസ്താവനകൾ നടത്തിയിരിക്കുന്നു. പാപം എന്തെന്നു മനസ്സിലാക്കുവാൻ, ആദ്യം നാം പരിഗണിക്കേണ്ട പ്രസ്താവന, പൗലൊസ് എഴുതിയിരിക്കുന്നു. പാപം എന്താണെന്നാണ് പൗലൊസ് എഴുതിയത്? [റോമ. 14:23 വായിക്കുക.] *എന്താണ്* പാപം? [വിട്ട വരിയിൽ "വിശ്വാസത്തിൽ നിന്നുത്ഭവിക്കാത്തതു ഒക്കെയും" എന്നെഴുതുക.] ശരിയല്ല എന്നു നമുക്കു ബോധ്യമായതു ചെയ്യുന്നതു പാപമാണ്. ദൈവവചനം പറയുന്നതു നാം ചെയ്യുമ്പോൾ, നാം വിശ്വാസത്തോടുകൂടെ പ്രതികരിക്കപ്പെടുന്നതു, ശരിയായിരിക്കും കാരണം വിശ്വാസം ദൈവവചനകേൾവിയാലാണ് വരുന്നത് (റോമ. 10:17). ദൈവവചനം പറയുന്നതു നമുക്ക് അറിയാമെങ്കിൽ, നാം ചെയ്യുന്നതു ശരിയായാലും അല്ലെങ്കിലും സംശയിക്കാതെ ചെയ്യുവാൻ കഴിയും. എങ്ങനെയായാലും, ചില കാര്യങ്ങളിൽ എന്താണ് ശരിയും തെറ്റും എന്നു നമുക്കു തീർച്ചയില്ല കാരണം ദൈവം പറഞ്ഞിരിക്കുന്നതു നമുക്കു മനസ്സിലാകുന്നില്ല. തെറ്റായ എന്തെങ്കിലും നാം വിശ്വസിച്ചാൽ, അല്ലെങ്കിൽ ശരിയാണെന്നു സംശയമായിരിക്കാം, പക്ഷെ നാം അതു ചെയ്യുന്നു, അപ്പോൾ നാം പാപം ചെയ്യുന്നു. വിശ്വാസത്തിൽ നിന്നല്ലാത്തതു പാപമാണ്. സംശയിക്കുന്ന വ്യക്തി ആ പ്രവൃത്തി ചെയ്താലും ഇല്ലെങ്കിലും അയാൾ പാപം ചെയ്യുകയാണ്.

നാം പരിഗണിക്കേണ്ട രണ്ടാമത്തെ പ്രസ്താവന അപ്പൊസ്തലനായ യോഹന്നാൻ എഴുതിയിരിക്കുന്നു. എന്താണ് പാപം എന്നാണ് യോഹന്നാൻ പറയുന്നത്? [1 യോഹന്നാൻ 3:4 വായിക്കുക.] *എന്താണ്* പാപം? [വിട്ട വരിയിൽ "നിയമലംഘനം" എന്നെഴുതുക.] "നിയമലംഘനം" എന്നതിനർത്ഥം "നിയമം വെച്ചിരിക്കുന്ന പരിധിവിട്ടകലുക, നിയമം അനുവദിക്കാത്തതു ചെയ്യുക." യോഹന്നാൻ എഴുതുന്നതു പഴയ നിയമ ന്യായപ്രമാണത്തെ കുറി*ച്ചല്ല* കാരണം ക്രിസ്ത്യാനികൾ പഴയ നിയമത്തിൻ

കീഴിലല്ല (ഗലാ. 3:24, 25). യോഹന്നാൻ എഴുതുന്നതു "ക്രിസ്തുവിന്റെ നിയമം" തന്നെയാണ് (1 കൊരി. 9:21), അതായതു, യേശു പഠിപ്പിച്ച തത്വങ്ങൾ. യേശുവിന്റെ ഉപദേശപ്രകാരം ഒരാൾ തന്റെ ജീവിതത്തെ ക്രമപ്പെടുത്തിയില്ലെങ്കിൽ അയാൾ പാപം ചെയ്യുകയാണ്, അക്കാരണത്താൽ ആ പാപിയെ ദൈവം വിധിക്കും. നിയമലംഘനം പാപമത്രേ.

മൂന്നാമതു നാം പരിഗണിക്കേണ്ട പ്രസ്താവനയും യോഹന്നാൻ എഴുതിയിരിക്കുന്നു. പാപം എന്താണെന്നാണ് യോഹന്നാൻ പറഞ്ഞത്? [1 യോഹന്നാൻ 5:17 വായിക്കുക.] *എന്താണ്* പാപം? [വിട്ട വരിയിൽ "സകല അനീതിയും" എന്നെഴുതുക.] പലപ്പോഴും *ചില* അനീതി പ്രവൃത്തികളെ, നാം പാപമായി കരുതും, എന്നാൽ *മറ്റുള്ളവയെ* നാം ഗൗരവമായി എടുക്കാറില്ല, നാം അവയെ പാപമെന്നു കരുതാറില്ല. നമുക്കു ഗൗരവമുള്ളതായി തോന്നിയാലും ഇല്ലെങ്കിലും അനീതിയുള്ള പ്രവൃത്തി, ദൈവസന്നിധിയിൽ പാപം തന്നെയാണ്. സകല അനീതിയും പാപമാണ്. നാലാമത്തെ പ്രസ്താവന യാക്കൊബ് എഴുതിയിരിക്കുന്നതിൽ നാം വായിക്കുന്നു. പാപം എന്താണെന്നാണ് യാക്കൊബ് പറയുന്നത്? [യാക്കൊബ് 4:17 വായിക്കുക.] *എന്താണ്* പാപം? [വിട്ട വരിയിൽ "നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തതു" എന്നെഴുതുക.]

പാപത്തെ സംബന്ധിച്ച ആദ്യത്തെ മൂന്നു പ്രസ്താവനകളും വെളിപ്പെടുത്തുന്നതു തെറ്റായി പ്രവർത്തിച്ചാൽ അതു പാപം ആണെന്നാണ്. അതു തെറ്റായ പ്രവൃത്തികളുമായി ബന്ധപ്പെടുന്നതാണ് കാരണം ഒന്നുകിൽ നാം നമ്മുടെ നിലവാരത്തെ ലംഘിക്കുന്നു അല്ലെങ്കിൽ ദൈവത്തിന്റെ നിലവാരത്തെ ലംഘിക്കുന്നു. ഇതിനു പുറമെ, യാക്കൊബ് പറയുന്നു, നന്മ ചെയ്‌വാനറിഞ്ഞിട്ടു ചെയ്യാതിരുന്നാൽ അതു പാപമാണ്. ഒരാളുടെ ആവശ്യത്തിൽ സഹായിക്കണം എന്നും, മറ്റൊരാളെ ദൈവേഷ്ടം പഠിപ്പിക്കണം എന്നും, ആശ്വാസകരമായ ഒരു സംഭാഷണം നടത്തണം എന്നും തുടങ്ങിയവ, അറിഞ്ഞിട്ടു ചെയ്യാതിരുന്നാൽ, അതു പാപമാണ്. നന്മ ചെയ്യണമെന്നു നമുക്കറിയാം, പക്ഷെ നാം ചെയ്യാതിരുന്നാൽ നാം പാപം ചെയ്യുകയാണ്.

ഈ ഭാഗത്തു നാം എന്തു പഠിച്ചു? ശരിയാണെന്നു സംശയിക്കുന്നതു ചെയ്താൽ അതു പാപം ആണെന്നും, നിയമം അനുവദിക്കാത്തതു ചെയ്യുന്നതു പാപം ആണെന്നും, ഏതു അനീതി ചെയ്താലും, നന്മ ചെയ്‌വാൻ അറിഞ്ഞിട്ടും, ചെയ്യാതിരുന്നാൽ അതു പാപമാണെന്നും നാം പഠിച്ചു.

## II. നിങ്ങൾ ഒരു പാപി ആണോ?

പാപത്തെ സംബന്ധിച്ചു, നാം പഠിച്ചതിന്റെ അടിസ്ഥാനത്തിൽ, നിങ്ങളെ കുറിച്ചു സ്വയം എന്തു വിചാരിക്കുന്നു? നിങ്ങൾ *എല്ലായ്പ്പോഴും* സംശയിച്ച കാര്യങ്ങൾ ചെയ്യാതിരിക്കയും, *എല്ലായ്പ്പോഴും* ശരിയാണെന്നു അറിയാവുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ടോ? നിങ്ങൾ *എല്ലായ്പ്പോഴും* യേശു പഠിപ്പിച്ച തത്വങ്ങളിൽ, ക്രിസ്തുവിന്റെ നിയമം അനുസരിച്ചു തുടർന്നിട്ടുണ്ടോ? ഓരോ അനീതി പ്രവൃത്തിയെയും നിങ്ങൾ *എപ്പോഴും* മാറ്റി നിർത്തിയിട്ടുണ്ടോ? നിങ്ങൾ ചെയ്യേണമെന്നറി

യാവുന്ന നന്മ നിങ്ങൾക്ക് *എപ്പോഴും* ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ? ഇവയ്ക്കെല്ലാം “ഉണ്ട്,” എന്നു പറയുന്നുവെങ്കിൽ, നിങ്ങൾ ഒരിക്കലും പാപം ചെയ്തിട്ടില്ല. ഇവയ്ക്കെല്ലാം സത്യസന്ധമായി “ഉണ്ട്,” എന്നു പറയാവുന്ന ആരെയെങ്കിലും നിങ്ങൾക്കറിയാമോ?

1. പാപികളായി എത്ര ആളുകൾ ഉണ്ട്? [റോമ. 3:23 വായിക്കുക.] *എത്ര പേരുണ്ട്* പാപികൾ ആയിട്ട്? [വിട്ട വരിയിൽ “എല്ലാവരും” എന്നെഴുതുക.] നാം പാപം ചെയ്യുമ്പോൾ, ദൈവതേജസ്സ് നഷ്ടപ്പെടുന്നവർ ആകുന്നു എന്നു ശ്രദ്ധിക്കുക, അതായതു., അവന്റെ പരിശുദ്ധ സ്വഭാവം ഇല്ലാത്തവരാകുന്നു. നാം ജീവിക്കേണ്ടതിനു ദൈവം തന്നെ നമുക്കു ഒരു നിലവാരം നല്കിയിരിക്കുന്നു എന്നോർക്കുക. ദൈവം ഭോഷ്ക്ക് പറയുന്നവനല്ല, അതുകൊണ്ടു നാമും ഭോഷ്ക്ക് പറയുവാൻ പാടില്ല. ദൈവം മോഷ്ടിക്കുകയില്ല, അതുകൊണ്ടു നാം മോഷ്ടിക്കുകയില്ല. ദൈവത്തോടു നല്ലവരല്ലാത്തവരോടും ദൈവം നല്ലവനായിരിക്കുന്നു, അതുകൊണ്ടു, നമ്മോടു മോശമായി പെരുമാറുന്നവരോടും, നാം നല്ലവരായിരിക്കണം (മത്താ. 5:44–48). നാം ദൈവസ്വഭാവത്തെയാണ് അനുകരിക്കേണ്ടത്. ഇവ നാം ചെയ്യാതിരിക്കുമ്പോൾ, നാം പാപം ചെയ്യുന്നു. എല്ലാവരും അവരുടെ വിശുദ്ധനായ സൃഷ്ടിതാവിന്റെ സ്വഭാവം അനുകരിക്കുന്നതിൽ പരാജയപ്പെടുന്നു.

2. എല്ലാവരും പാപികൾ ആണെങ്കിൽ, പിന്നെ എത്ര നീതിമാന്മാരുണ്ട്? [റോമ. 3:10 വായിക്കുക.] *എത്ര പേരുണ്ട്* നീതിമാന്മാരായിട്ട്? [വിട്ട വരിയിൽ “ആരുമില്ല” എന്നെഴുതുക.] ദൈവം മാത്രമാണ് പൂർണ്ണ നീതിമാൻ. നമ്മിൽ ആരും നീതിമാന്മാരല്ല.

3. നാം ഒരിക്കലും പാപം ചെയ്തിട്ടില്ല എന്നും, നാം നീതിമാന്മാരാണെന്നും പറഞ്ഞാൽ ദൈവം നമ്മെക്കുറിച്ചു എന്തു പറയും? [1 യോഹന്നാൻ 1:8 വായിക്കുക.] നമ്മെക്കുറിച്ചു *എന്തു* പറയുന്നു? [വിട്ട വരിയിൽ “നമ്മെത്തന്നെ വഞ്ചിക്കുന്നു” എന്നും “സത്യം” എന്നും എഴുതുക.] നാം പാപം ചെയ്തിട്ടില്ല എന്നു പറഞ്ഞാൽ, നാം സത്യം ഇല്ലാത്തവരായി. നമ്മൾ എല്ലാവരും പാപം ചെയ്തു. ദൈവം വ്യക്തമായി നാം പാപം ചെയ്തു എന്നു പറഞ്ഞിരിക്കുന്നു. (റോമ. 3:23). പാപം ചെയ്തി*ട്ടില്ല* എന്നു പറയുന്നവൻ ദൈവത്തെ അസത്യവാദിയാക്കുന്നു (1 യോഹന്നാൻ 1:10) പാപി എന്ന നിലയിലുള്ള സാഹചര്യം മാറുന്നുമില്ല, അങ്ങനെ വരുമ്പോൾ അയാൾ തന്നെത്താൻ വഞ്ചിക്കുകയാണ്. അയാൾ സത്യത്തെ അഭിമുഖീകരിക്കുന്നില്ല, അതുകൊണ്ടു സത്യം അയാളിൽ ഇല്ല.

നിങ്ങൾ ഒരിക്കലും പാപം ചെയ്ത*ിട്ടില്ല* എന്നു പറയുവാൻ ആഗ്രഹിക്കുന്നില്ല, ഉണ്ടോ? പാപത്തെ സംബന്ധിച്ചു ദൈവത്തിന്റെ നിലവാരത്തെ ഞാൻ നോക്കുമ്പോൾ, ഞാൻ പാപി എന്നുള്ള നിലയിലാണോ കാണപ്പെടുന്നത്? നിങ്ങൾ പാപം ചെയ്തു എന്നു നിങ്ങൾ സമ്മതിക്കുമോ?

ഈ ഭാഗത്തു നാം എന്തു പഠിച്ചു? നാം എല്ലാവരും പാപികൾ ആണെന്നു പഠിച്ചു. നാമെല്ലാം ദൈവത്തിന്റെ നിലവാരത്തെ ലംഘിച്ചു, അവനെ പോലെ ആകുന്ന എല്ലാറ്റിലും നാം പരാജയപ്പെട്ടു.

**III. നിങ്ങളുടെ വിധി**

എല്ലാവരും പാപം ചെയ്തു എന്നതു ഒരു *വസ്തുത* ആണ്. പാപം - ചെയ്യാത്തവർ ആരുമില്ല. നാം ഒന്നുകിൽ ക്ഷമിക്കപ്പെടാത്ത പാപികളോ, അല്ലെങ്കിൽ ക്ഷമിക്കപ്പെട്ട പാപികളോ ആണ്, അതായത്., രക്ഷിക്കപ്പെട്ട പാപികൾ. നിങ്ങൾ ഏതാണ്, ക്ഷമിക്കപ്പെട്ട പാപി ആണോ അതോ ക്ഷമിക്കപ്പെടാത്ത പാപി ആണോ? നിങ്ങൾ ക്ഷമിക്കപ്പെടാത്ത പാപി ആണെങ്കിൽ, നിങ്ങളുടെ വിധി എന്തായിരിക്കും, നിങ്ങൾ രക്ഷിക്കപ്പെട്ടവനാണെങ്കിൽ, നിങ്ങളുടെ വിധി എന്തായിരിക്കും?

ഇടതുഭാഗത്തുള്ളവരോടു യേശു എന്തു പറയും? [മത്താ. 25:41 വായിക്കുക.] *എവിടേക്കു* പോകുവിൻ എന്ന് അവൻ പറയും? [വിട്ട വരിയിൽ "നിത്യാഗ്നിയിലേക്ക്" എന്ന് എഴുതുക.] അവിടെ തീ എത്ര നാൾ നീണ്ടു നില്ക്കും? തീർച്ചയായും തീ ഒരിക്കലും കെടുകയില്ല (മർക്കൊ. 9:48). തീ ഒരിക്കലും കെടുകയില്ലെങ്കിൽ, പിന്നെ ശിക്ഷ എന്നേക്കും തുടർന്നുകൊണ്ടേയിരിക്കും. ശിക്ഷ തുടരുകയില്ലെങ്കിൽ തീ തുടരുമോ? തീയും ശിക്ഷയും "എന്നേക്കും" ഉണ്ടാകും (മത്താ. 25:41, 46).

കുറ്റം വിധിച്ചവരെ "നിത്യാഗ്നി" യിലും "നിത്യശിക്ഷാവിധി" യിലും അയക്കുമെങ്കിൽ, അതിനു വിപരീതമായി രക്ഷിക്കപ്പെട്ടവർക്കു ലഭിക്കുന്നതെന്താണ്? [മത്താ. 25:46 വായിക്കുക.] വലത്തു ഭാഗത്തുള്ളവർക്കു *എന്തു* ലഭിക്കുമെന്നാണ് യേശു പറഞ്ഞത്? [വിട്ടവരിയിൽ "നിത്യജീവൻ" എന്നെഴുതുക.] അനീതി പ്രവർത്തിച്ചവർക്കു *തീ* എന്നേക്കുമുള്ളതാകുന്നതുപോലെ നീതിമാന്മാർക്കുള്ള *ജീവനും* നിത്യമായിരിക്കും. നിങ്ങൾക്കു ഏതുവേണം നിത്യാഗ്നിയോ അതോ നിത്യജീവനോ?

നിത്യാഗ്നിയിൽ ദുഷ്ടന്മാർ എന്തു ചെയ്തുകൊണ്ടിരിക്കും? [വെളി. 14:11 വായിക്കുക.] അവരുടെ ദണ്ഡനത്തിന്റെ പുക എന്നേക്കും പൊങ്ങിക്കൊണ്ടിരിക്കും, അവർക്കു അവരുടെ ദണ്ഡനത്തിൽ നിന്ന് *എന്തില്ല?* [വിട്ട വരിയിൽ "ഒരു വിശ്രമവുമില്ല" എന്നെഴുതുക.] ദണ്ഡനം തുടർന്നുകൊണ്ടിരിക്കും. അഗ്നിയിലുള്ളവർക്കു അഗ്നിബാധയിൽ നിന്നു മോചനമില്ല. അതു *അക്ഷരികമായ* അഗ്നി ആയിരിക്കുമോ? അതൊരു പ്രധാനപ്പെട്ട ചോദ്യമാണ്, നമുക്ക് ഉത്തരം തീർച്ചയില്ല. എങ്ങനെയായാലും, തീ അക്ഷരിക തീ അല്ലെങ്കിൽ, "തീ," എന്ന വാക്ക്, ദണ്ഡനം തീയിലകപ്പെടുന്നതുപോലെ തീവ്രമായിരിക്കും എന്നു തിരിച്ചറിയാനെങ്കിലും നമ്മെ സഹായിക്കും.

ക്ഷമിക്കപ്പെടാത്ത പാപികളുടെ ശിക്ഷക്കു എതിരായി, രക്ഷിക്കപ്പെട്ടവർ എന്തു ചെയ്തുകൊണ്ടിരിക്കും? [വെളി. 14:13 വായിക്കുക.] അവർ *എന്തു* ചെയ്യും? [വിട്ട വരിയിൽ "വിശ്രമിക്കും" എന്നെഴുതുക.] "കർത്താവിൽ ആയവർ" ആണ് *വിശ്രമിക്കുന്നതു* എന്നു ശ്രദ്ധിക്കുക. ആരാണ് കർത്താവിൽ ആയവർ? സ്നാനം ഏല്ക്കുമ്പോഴാണ്, കർത്താവിൽ ആയിത്തീരുന്നതു, യേശുവിനോടു ചേരുന്നത് എന്നുള്ളത് "രക്ഷാ" ഷീറ്റിൽ നാം പഠിച്ചു (റോമ. 6:3; ഗലാ. 3:27). [*പുറകിൽ* എങ്ങനെ ക്രിസ്തുവിൽ ആകാമെന്നു ചിത്രീകരിച്ചു ചർച്ച ചെയ്യുക. രക്ഷിക്കപ്പെട്ടവരുടെ, വിധി സ്ഥാനം സ്വർഗ്ഗവും, നഷ്ടപ്പെട്ടവരുടെ വിധി സ്ഥാനം നരകവും

എന്നു കാണിച്ചു കൊടുക്കുക. നോക്കുക പേജ് 214.]

ക്ഷമിക്കപ്പെടാത്ത പാപികൾക്ക് ശിക്ഷയിൽ നിന്നു വിശ്രമമില്ലേ? അവർ എങ്ങനെ പ്രതികരിക്കുമെന്നാണ് യേശു പറയുന്നത്? [മത്താ. 25:30 വായിക്കുക.] അവർ *എങ്ങനെ* പ്രതികരിക്കും? [വിട്ട വരിയിൽ "കരച്ചിലും, പല്ലുകടിയും" എന്നെഴുതുക.] എന്റെ ഒരു സ്നേഹിതൻ ലോറി അപകടം കണ്ട കാര്യം എന്നോടു പറയുകയുണ്ടായി. ആ ലോറി അഗ്നിക്കിരയായപ്പോഴാണ് അയാൾ അവിടെ എത്തിയത്. ഡ്രൈവർ അതിനകത്തു കുടുങ്ങിപോയതുകൊണ്ടു മുഖം തീജ്വാലയിൽ കരുവാളിച്ചു തുടങ്ങി, അയാൾ പല്ലു കടിച്ചു വേദനയകറ്റുവാനും ഡോർ തുറന്നു പുറത്തു ചാടുവാനും ശ്രമിക്കുന്നതാണ് അയാൾ നോക്കിയപ്പോൾ കണ്ടത്. നിത്യാഗ്നിയാൽ ശിക്ഷിക്കപ്പെടുന്നവർ വേദനകൊണ്ടു കരയുകയും പല്ലു കടിക്കുകയും ചെയ്യും.

ഇതിനു വിപരീതമായി, രക്ഷിക്കപ്പെട്ടവർ, അവർ ഈ ജീവിതത്തിൽ വിഷമങ്ങൾ അനുഭവിച്ചിട്ടുണ്ടെങ്കിലും, വരുവാനുള്ള ജീവിതത്തിൽ അവർക്കു വേറൊരു അനുഭവമായിരിക്കും ഉണ്ടാകുക. അവരുടെ ജീവിതം എങ്ങനെയാവും? [വെളി. 21:4 വായിക്കുക.] വീണ്ടും അവർക്കു ഒരിക്കലും അനുഭവപ്പെടാതിരിക്കുന്നത് *എന്ത്?* [വിട്ട വരിയിൽ "ഇനി ദുഃഖമോ കണ്ണുനീരോ ഉണ്ടാവുകയില്ല" എന്നെഴുതുക.] അവരുടെ കഴിഞ്ഞകാല ശിക്ഷാഭീതികളെല്ലാം അവസാനിച്ചു. അവർക്കു ദുഃഖമോ കരച്ചിലോ ഇനി ഒരിക്കലും ഉണ്ടാകയില്ല.

ക്ഷമിക്കപ്പെടാത്ത പാപികൾക്കു ശിക്ഷയിൽ ഒരു സന്തോഷവും കാണുകയില്ല. പകരം അവന് എന്തായിരിക്കും ഉണ്ടാകുന്നത്? [റോമ. 2:9 വായിക്കുക.] അവന് *എന്തായി*രിക്കും ഉണ്ടാവുക? [വിട്ട വരിയിൽ "കഷ്ടവും, സങ്കടവും" എന്നെഴുതുക.] ഈ രണ്ടു വാക്കുകളും സൂചിപ്പിക്കുന്നതു പാപിക്കു നിത്യമായ വേദനമാത്രമല്ല, കഠിനമായ ആന്തരിക വ്യഥയുമുണ്ടാകും എന്നാണ്.

അത്തരം ഭയാനകമായ ആശ്വാസരാഹിത്യത്തിനു പകരം, രക്ഷിക്കപ്പെട്ട പാപികൾ അനുഗ്രഹിക്കപ്പെടും. അവർക്കു ലഭിക്കുന്ന പ്രതിഫലത്തോടു അവർക്കുള്ള പ്രതികരണം എന്തായിരിക്കും? [മത്താ. 25:23 വായിക്കുക.] അവർ *എന്തിലേക്കു* പ്രവേശിക്കും? [വിട്ട വരിയിൽ "സന്തോഷത്തിലേക്കു" എന്നെഴുതുക.] നീതിമാന്മാരുടെ പ്രതിഫലം വേദനയോ ദുഃഖമോ ഇല്ലാത്ത നിത്യ സന്തോഷം ആയിരിക്കും.

പാപം, ദുഃഖം, മരണം എന്നിവയുള്ള ഈ ലോകം വിട്ടു, യേശു സ്വർഗ്ഗത്തിൽ പിതാവിന്റെ അടുക്കലേക്കു പോയി (യോഹന്നാൻ 20:17), നിത്യമായ (2 കൊരി. 4:18) ഭൗതികം – അല്ലാത്ത ആത്മാവു വസിക്കുന്ന ദൈവത്തിന്റെ സ്ഥലം. ക്ഷമിക്കപ്പെടാത്ത പാപിക്കു എപ്പോഴെങ്കിലും യേശുവിന്റെ അടുക്കൽ എത്തുവാൻ കഴിയുമോ? [യോഹന്നാൻ 8:21 വായിക്കുക.] അവനു *എന്തു* ചെയ്യുവാൻ കഴിയുകയില്ല? [വിട്ട വരിയിൽ "ക്രിസ്തുവിന്റെ അടുത്തു പോകുവാൻ കഴിയുകയില്ല" എന്നെഴുതുക.]

രക്ഷിക്കപ്പെട്ട വ്യക്തിയെ സംബന്ധിച്ചു ഇതു വാസ്തവമാണോ? [യോഹന്നാൻ 14:3 വായിക്കുക.] അവൻ *ആരോടു കൂടെ* ആയിരിക്കും?

[വിട്ട വരിയിൽ “ക്രിസ്തുവിനോടു കൂടെ” എന്നെഴുതുക.] ഒരു പാപിയായി മരിക്കുന്ന ഒരാൾക്കു ക്രിസ്തുവിനോടു കൂടെ ആകുവാൻ കഴിയുകയില്ല എന്നതു അന്തർലീനമാക്കുന്നതു പാപം ക്ഷമിക്കപ്പെടുന്ന വ്യക്തിക്കു യേശുവിനോടുകൂടെ ആകുവാൻ കഴിയും എന്നാണ്. രക്ഷിക്കപ്പെട്ടവരും യേശുവിന്റെ അടുക്കൽ എത്തുകയില്ലെങ്കിൽ ആ പ്രസ്താവന അർത്ഥശൂന്യമാകും കാരണം അവർ നിത്യമായ ഭൂമിയിൽനിന്നും യേശുവിന്റെ നിത്യമായ സന്നിധിയിൽ നിന്നും വേർപെട്ടു പരിമിതിയിൽ വസിക്കുന്നവരാണെന്ന് വരും. രക്ഷിക്കപ്പെട്ടവർ യേശുവിന്റെ അടുക്കൽ എത്തും (യോഹന്നാൻ 12:26).

ദുഷ്ടന്മാരുടെ നിത്യവാസസ്ഥലം ഏതായിരിക്കും? [മത്താ. 10:28 വായിക്കുക.] അവർ *എവിടെ*യായിരിക്കും? [വിട്ട വരിയിൽ “നരകം” എന്നെഴുതുക.] ഇവിടെ പറഞ്ഞിരിക്കുന്ന “നശിപ്പിക്കും” എന്ന വാക്കിന്റെ അർത്ഥം ചിലർ തെറ്റായി പഠിപ്പിക്കുന്നതുപോലെ, ഉന്മൂല നാശമല്ല വരുത്തുന്നതു മറിച്ചു, *ഘടനയെ കേടുവരുത്തുന്ന*താണെന്നു മത്താ. 9:17-ൽ അതേ ഗ്രീക്ക് വാക്ക് ഉപയോഗിച്ചിരിക്കുന്നതു വ്യക്തമാക്കുന്നു. വീഞ്ഞ് കുപ്പികൾ നശിപ്പിക്കപ്പെടും, അതായത്., കേടുവരുത്തപ്പെടും. ഉന്മൂല നാശം വരുത്തുന്ന ഒന്നല്ല നരകം, എന്നാൽ അതിനു പകരം, അവിടെ പോകുന്നവർ നിത്യനാശത്തിലാകും എന്നാൽ, നിത്യമായ കേടു വന്നു കൊണ്ടിരിക്കും എന്നർത്ഥം (2 തെസ്സ. 1:9) ക്ഷമിക്കപ്പെടാത്ത പാപിയുടെ അന്തിമവിധി നിത്യശിക്ഷാവിധി ആയിരിക്കും.

നരകത്തിൽ പോകുന്നതിനു പകരം, രക്ഷിക്കപ്പെട്ട വ്യക്തി നിത്യമായി എവിടെ ജീവിക്കും? [1 പത്രൊ. 1:3, 4 വായിക്കുക.] രക്ഷിക്കപ്പെട്ടവർക്കായി സൂക്ഷിച്ചിരിക്കുന്നത് *എന്ത്*? [വിട്ട വരിയിൽ “സ്വർഗ്ഗം” എന്നെഴുതുക.] രക്ഷിക്കപ്പെട്ട എല്ലാവരും സ്വർഗ്ഗത്തിൽ യേശുവിനോടൊപ്പം ആകും.

പാപിയുടെ ശിക്ഷ ഒന്നുകൂടെ നോക്കാം. അയാൾക്കു യേശുവിനോടൊപ്പം ആകുവാൻ സാധ്യമല്ല, എന്നാൽ അയാൾക്ക് നിത്യാഗ്നി കാരണം, നരകത്തിൽ കഷ്ടതയും വേദനയും അനുഭവപ്പെട്ടു അവിടെ ഒരു വിശ്രമവുമില്ലാതെ, കരച്ചലും പല്ലുകടിയുമാണുണ്ടാകുന്നത്.

അതിനു വിപരീതമായി, രക്ഷിക്കപ്പെട്ടവരുടെ അന്തിമസ്ഥാനം ശ്രദ്ധിക്കുക. രക്ഷിക്കപ്പെട്ട ആൾ സ്വർഗ്ഗത്തിൽ യേശുവിനോടുകൂടെ ആയിരിക്കും അവിടെ ദുഃഖമോ അല്ലെങ്കിൽ കരച്ചലോ ഇല്ല, എന്നേക്കും സന്തോഷം അനുഭവപ്പെടും. അവൻ തന്റെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കയും ദൈവവുമായി എന്നേക്കുമുള്ള നിത്യജീവൻ ആസ്വദിക്കയും ചെയ്യും.

ഈ ഭാഗത്തു നാം എന്തു പഠിച്ചു? നിത്യവിധി സ്ഥാനം രക്ഷിക്കപ്പെട്ടവരുടെയും പാപികളുടെയും അവസ്ഥ തികച്ചും വ്യത്യസ്തമാണെന്നു നാം പഠിച്ചു. രക്ഷിക്കപ്പെട്ടവർ സ്വർഗ്ഗത്തിൽ നിത്യസന്തോഷം അനുഭവിക്കും, എന്നാൽ പാപിക്കു കഷ്ടവും വേദനയും നിത്യാഗ്നിയിൽ ദണ്ഡനവുമാണ്.

## IV. അന്തിമസ്ഥാനം തീരുമാനിക്കുന്നതെന്ത്?

നമ്മുടെ അന്തിമസ്ഥാനം നമുക്കു നിർണ്ണയിക്കാമോ? ആരെയാണ് ശിക്ഷിക്കുന്നത്? [റോമ. 2:8 വായിക്കുക.] *ആരാണ്* ശിക്ഷിക്കപ്പെടുന്നത്? [വിട്ട വരിയിൽ "സത്യം അനുസരിക്കാത്തവർ"എന്നെഴുതുക.] ഇതു ബൈബിളിൽ സ്ഥിരമായ ഉപദേശമാണോ? [2 തെസ്സ. 1:8 വായിക്കുക]. *ആരാണ്* ശിക്ഷിക്കപ്പെടുന്നത്? [വിട്ട വരിയിൽ "സുവിശേഷം അനുസരിക്കാത്തവർ" എന്നെഴുതുക.]

ഇവരെ ശിക്ഷിക്കുമെങ്കിൽ, ആർക്കായിരിക്കും പ്രതിഫലം എന്നാണ് നിങ്ങൾ വിചാരിക്കുന്നത്? [മത്താ. 7:21 വായിക്കുക.] രാജ്യത്തിൽ പ്രവേശിക്കുന്നത് *ആര്?* [വിട്ട വരിയിൽ "പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർ" എന്നെഴുതുക.] യേശു അനുഗ്രഹിക്കുന്നത് *ആരെ?* [എബ്രാ. 5:9 വായിക്കുക.] യേശു നിത്യരക്ഷ നല്കുന്നത് *ആർക്ക്?* [വിട്ട വരിയിൽ "തന്നെ അനുസരിക്കുന്നവർക്കു" എന്നെഴുതുക.]

ഈ ഭാഗത്തു നാം എന്തു പഠിച്ചു? യേശു മൂലം വന്നതായ സത്യം നാം അനുസരി*ച്ചില്ലെങ്കിൽ* (യോഹന്നാൻ 1:17), നാം നിത്യമായി ശിക്ഷിക്കപ്പെടും, എന്നാൽ നാം അവനെ അനുസരിച്ചാൽ, നമുക്കു നിത്യ രക്ഷ കിട്ടും എന്നു നാം പഠിച്ചു.

### ചുരുക്കം

ഇതു വളരെ പ്രധാനപ്പെട്ട ഒരു പാഠമായിരുന്നു, കാരണം ഈ പാഠത്തിൽ നാം പഠിച്ചത് അന്തിമസ്ഥാനത്തെത്തി ആസ്വദിക്കുവാൻ നമുക്കു എന്തു ചെയ്യുവാൻ കഴിയും?

I. *പാപം എന്നാൽ എന്താണ്?* ശരിയാണെന്നു സംശയിക്കുന്നതു ചെയ്യുക, നിയമലംഘനം, അനീതി, നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാതിരിക്കുക ഇവയെല്ലാം പാപമാണ്.

II. *നിങ്ങൾ ഒരു പാപിയാണോ?* അതെ. നമ്മൾ എല്ലാവരും പാപികളാണ്.

III. *രക്ഷിക്കപ്പെട്ടവരുടെയും പാപികളുടെയും അന്തിമസ്ഥാനം എവിടെയായിരിക്കും?* പാപി നരകത്തിൽ ശിക്ഷിക്കപ്പെടും, ദൈവത്തിൽ നിന്നും യേശുവിൽ നിന്നും അകന്നിരിക്കും. രക്ഷിക്കപ്പെട്ട വ്യക്തി ദൈവവുമായും യേശുക്രിസ്തുവുമായും സ്വർഗ്ഗത്തിൽ നിത്യജീവൻ ആസ്വദിക്കും.

IV. *എന്തു ചെയ്യുന്നതിനെ അല്ലെങ്കിൽ ചെയ്യാതിരിക്കുന്നതിനെ ആസ്പദമാക്കിയാണ് നിങ്ങളുടെ അന്തിമസ്ഥാനം നിർണ്ണയിക്കുന്നത്?* യേശു നമ്മെ പഠിപ്പിച്ചതായ സത്യം നാം അനുസരിക്കുമോ ഇല്ലയോ എന്നതിനെ ആസ്പദമാക്കിയാണ് നമ്മുടെ അന്തിമസ്ഥാനം നിർണ്ണയിക്കുന്നത്.

നിങ്ങൾ സ്വർഗ്ഗത്തിൽ യേശുവിനൊപ്പം ആകുമോ? നിങ്ങൾ രക്ഷിക്കപ്പെട്ടോ? നിങ്ങൾ രക്ഷിക്കപ്പെട്ടില്ലെങ്കിൽ, രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം? എന്തുകൊണ്ടു നിങ്ങൾക്കു ഇന്നു തന്നെ കർത്താവിനെ അനുസരിച്ചു അവനുവേണ്ടി ജീവിച്ചുകൂടാ? അവനെ നിങ്ങൾക്കു അനുസരിക്കുവാൻ വിലയുള്ളതൊന്നും നഷ്ടമാക്കേണ്ട, എല്ലാം നിങ്ങൾക്കു കിട്ടു

കയേ ഉള്ളൂ. എന്തുകൊണ്ടു ഇപ്പോൾ തന്നെ അനുസരിച്ചുകൂടാ? നിങ്ങൾ എപ്പോഴെങ്കിലും യേശുവിനെ അനുസരിക്കണം എന്നു വിചാരിച്ചിട്ടുണ്ടെങ്കിൽ, ഇപ്പോഴാണ് അതിനു പറ്റിയ സമയം. അനുസരിച്ച ശേഷം, യേശു നിങ്ങളോടുകൂടെ ഇരുന്നു ആത്മാവിനാൽ നിങ്ങളെ ജീവിക്കുവാൻ സഹായിക്കുമെന്നുള്ള ഉറപ്പ് നിങ്ങൾക്ക് ലഭിക്കും (എഫെ. 3:16) അങ്ങനെ നിതൃത മുഴുവൻ നിങ്ങൾക്കു അവനോടു കൂടെ കഴിയാം. ഇപ്പോൾ തന്നെ ദിവസേന യേശുവുമായുള്ള സന്തോഷപ്രദമായ കൂട്ടായ്മ അനുഭവിക്കുവാൻ നിങ്ങൾക്കു താല്പര്യമില്ലേ, ഈ ജീവിതത്തിനുശേഷം നിതൃതയിൽ അവനോടുകൂടെ സന്തോഷിക്കുവാനും താല്പര്യമില്ലേ? നിങ്ങൾ എന്തു തീരുമാനം എടുക്കണമെന്നാണ് യേശു ആഗ്രഹിക്കുന്നത്? ഇപ്പോൾ തന്നെ നിങ്ങൾ സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടുവാൻ നിങ്ങൾ ഒരുക്കമാണോ?

---

### *സുവിശേഷീകരണം*

മികവുറ്റ ഒരു വ്യാപാരി ഒരിക്കൽ എഴുതി, "നാം സംഭവിപ്പിച്ചില്ലെങ്കിൽ ഒന്നും സംഭവിക്കയില്ല." നമ്മുടെ സുവിശേഷത്തിൽ നാം ഉദ്ദേശിച്ചില്ലെങ്കിൽ തീർച്ചയായും നല്ലതു ഒന്നും സംഭവിക്കയില്ല.

"നമ്മുടെ അയൽക്കാരൻ അയാളുടെ ആത്മാവിനെ കുറിച്ചു മാത്രം കരുതുവാൻ അയാൾ ശരീരമില്ലാത്ത ആത്മാവല്ല അല്ലെങ്കിൽ അയാളുടെ ക്ഷേമത്തെ മാത്രം കരുതുവാൻ അയാൾ ആത്മാവില്ലാത്ത ശരീരവുമല്ല; അതുമല്ലെങ്കിൽ ആത്മ - ശരീരം സമൂഹത്തിൽ നിന്നു വേറിട്ടു നില്ക്കുന്നുമില്ല. എന്റെ അയൽക്കാരനായ മനുഷ്യനെ, ദൈവം സമൂഹത്തിലെ ശരീര - ആത്മാവോടുകൂടി സൃഷ്ടിച്ചു. അതുകൊണ്ടു ദൈവം അവനെ സൃഷ്ടിച്ചതുപോലെ, നമ്മുടെ അയൽക്കാരനെ നാം സ്നേഹിച്ചാൽ, നാം തീർച്ചയായും അയാളുടെ മുഴുവൻ ക്ഷേമത്തെയും - അവന്റെ ആത്മാവിന്റെ നന്മയും, ശരീരത്തിന്റെ നന്മയും, അയാളുടെ സമൂഹത്തെയും നാം കരുതും."

ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട്
"ദ ഗ്രെയിറ്റ് കമാന്റ്മെന്റ്...
ദ ഗ്രെയിറ്റ് കമ്മീഷൻ,"
ഇൻ *വേൾഡ് ഇവാഞ്ചലിസം*

© 2009 Truth for Today